7763
6/8/14

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് - ഭാരത സർക്കാരിന്റെ രണ്ടാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ 12-ാമത് റിപ്പോർട്ട് - സത്യവാങ്മൂലവും രേഖകളും സ്വയം സാക്ഷ്യപ്പെടുത്തുന്നതിനുള്ള അനുമതി നൽകണമെന്ന ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (അ) നമ്പർ. 24/2014/ഉ.ഭ.പ.വ. *തിരുവനന്തപുരം, തീയതി : 31.07.2014.*

---

പരാമർശം :- ഭാരതസർക്കാരിന്റെ ഭരണ പരിഷ്ക്കാരവും പൊതുജനപരാതിയും പെൻഷനുകളും വകുപ്പ് സെക്രട്ടറിയുടെ 24.04.2014, 02.07.2014 എന്നീ തീയതികളിലെ കെ.11022/67/2012/എ.ആർ. നമ്പർ അർദ്ധഔദ്യോഗിക കത്തുകൾ.

**<u>ഉത്തരവ്</u>**

ഭാരത സർക്കാരിന്റെ രണ്ടാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ 12-ാമത് റിപ്പോർട്ടിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു.

2. സർക്കാരിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളോടൊപ്പം നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഒഴിവാക്കുന്നതിനും സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിക്കുന്നതിനും അനുമതി നൽകണമെന്നുമുള്ള രണ്ടാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ ശുപാർശ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശിത കത്തു പ്രകാരം ഭാരതസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകളോടൊപ്പം നിശ്ചിത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും രേഖകളും സമർപ്പിക്കണമെന്നുള്ള നിബന്ധന പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതും അധികാര ദുർവിനിയോഗത്തിനും അഴിമതിക്കും കാരണമാകുന്നതുമാണ്. ഏതെങ്കിലും നിയമത്തിൽ രേഖകളും സത്യവാങ്മൂലവും നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുള്ളവ ഒഴികെ ബാക്കി രേഖകളെല്ലാം സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതി എന്നുള്ള നിർദ്ദേശം ജനോപകാരപ്രദവുമാണ്.

4. ഈ സാഹചര്യത്തിൽ ഏതെങ്കിലും നിയമത്തിൽ പ്രത്യേകം

നിഷ്ക്കർഷിച്ചിട്ടുള്ളവ ഒഴികെ, അപേക്ഷകളോടൊപ്പം നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും സാക്ഷ്യപ്പെടുത്തിയ രേഖകളും സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി അന്തിമ ഘട്ടത്തിൽ മാത്രം അസ്സൽ രേഖകൾ ഹാജരാക്കണമെന്ന നിബന്ധനയോടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിച്ചാൽ മതിയാകും എന്ന് വ്യവസ്ഥ ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

5. ഇങ്ങനെ സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം അപേക്ഷകനെ ഡീബാറു ചെയ്യുന്നതടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ. അജയകുമാർ**
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.
എല്ലാ വകുപ്പുമേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
രജിസ്ട്രാർ, കേരളാ ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ,കേരള/കുസാറ്റ്/എം.ജി/കണ്ണൂർ/ശ്രീശങ്കരാചാര്യ/കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്).
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് മീഡിയ) വകുപ്പ് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (30.07.2014-ലെ 5559-ാം നമ്പർ മന്ത്രിസഭായോഗ തീരുമാന പ്രകാരം).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.